## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

*നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *20* *04.06.2018 ലെ മറുപടിക്ക്*

## പ്രവാസി മലയാളികൾക്കുള്ള ക്ഷേമപദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. ആർ. രാജേഷ്<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. വി. കെ.സി. മമ്മത് കോയ | പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| (എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം ഇടങ്ങിയവയ്ക്കായി നോർക്ക റൂട്ട്സ് നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം എന്നിവയ്ക്കായി നോർക്ക റൂട്ട്സ് മുഖേന നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>• പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം<br>• വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം<br>• മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട് മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ തൊഴിൽ വൈദഗ്ധ്യ പരിശീലനം<br>• ലോക കേരള സഭ<br>• ആഗോള സാംസ്കാരികോത്സവം<br>• തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി<br>• നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ<br>• സ്വപ്ന സാഫല്യം<br>• കാൾ സെന്റർ<br>• സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ<br>• ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും |

- എൻ. ആർ. കെ. ഐ. ഡി കാർഡ്
- എൻ. ആർ. കെ ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം

(ബി) മടങ്ങിയെത്തിയവർക്കും ആശ്രിതർക്കുമായി നടപ്പാക്കി വരുന്ന സാന്ത്വന ധനസഹായ പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും 2,10,00,000/- രൂപ (രണ്ട് കോടി പത്ത് ലക്ഷം രൂപ മാത്രം) ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) തിരികെയെത്തിയ പ്രവാസി കേരളീയരിൽ ദുരിതമനുഭവിയ്ക്കുന്നവർക്ക് സാന്ത്വന പദ്ധതി പ്രകാരം അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായം നൽകിവരുന്നുണ്ട്. വാർഷിക വരുമാനം 1,00,000/- രൂപയിൽ താഴെയുള്ള പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി 1,00,000/- രൂപയും പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സാ ധനസഹായമായി പരമാവധി 50,000/- രൂപയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000/- രൂപയും പ്രവാസിക്കും/ കുടുംബാംഗങ്ങൾക്കും വീൽചെയർ/ ക്രച്ചസ്സ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000/- രൂപയും ഒറ്റത്തവണയായി ധനസഹായം നൽകി വരുന്നുണ്ട്.

(ഡി) തിരിച്ചെത്തിയവർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിനുള്ള എന്തെങ്കിലും പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

(ഡി) ആരംഭിച്ചിട്ടുണ്ട്.
തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി

നടപ്പിലാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം തിരികെവന്ന പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. ഒരു വ്യക്തിയ്ക്ക് പരമാവധി 20 ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.

ഈ പദ്ധതിയിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾ അനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചു വരുന്നു. ആവശ്യമായ വൈദഗ്ദ്ധ്യം ഇല്ലാത്തതിനാൽ സംരംഭം തുടങ്ങാൻ സാധിക്കാത്തവർക്ക് പ്രസ്തുത പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കാൻ സാധിക്കും.

സെക്ഷൻ ഓഫീസർ.